ഭരണഭാഷ മാതൃഭാഷ

# അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം

## എൽ എസ്.ജി.ഡി. സെക്ഷൻ ,ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്


**കള്ളാടിപ്പറ്റ (പി.ഒ), പാലക്കാട് 679313**

**email. aeongallur@gmail.com**


No:E2/Gnl/01/AE/2026-27 22.08.2026

## ഹ്രസ്വകാല ദർഘാസ്

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന അസ്സിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2026-27 സാമ്പത്തിക വർഷത്തിൽ AC .കാർ പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മൽസര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസിസ്റ്റന്റ് എഞ്ചിനീയർ ,എൽ .എസ് .ജി .ഡി .സെക്ഷൻ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 03.09.2026 2pm

ക്വട്ടേഷൻ തുറക്കുന്ന സമയം : 07.09.2026 4 pm

വ്യവസ്ഥകൾ:

1 ഒരുമാസം 2000 കി.മീ.ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് .അധിക നിരക്ക് കണക്കാക്കുന്നത് ,3 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 6000 കി.മീ.അധികരിക്കുമ്പോഴായിരിക്കും .ആയതിന് 6000 കി.മീ.ദൂരം അധികരിച്ചുള്ള ഓരോ കിലോമീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.

2 താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമകരാർ വയ്ക്കേണ്ടതാണ്.

3 ഇന്ധന ചെലവ് ,വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ,ഡ്രൈവറുടെ ശമ്പളം ,ബാറ്റ ,വാഹനത്തിന്റെ ടാക്സ് ,ഇൻഷുറൻസ് ,തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ് .ആയതുൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്

4 വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും അയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

5 ആഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുൻപ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

6 വാഹനം മികച്ച പ്രവർത്തന ക്ഷമതയുള്ളതും കാലപ്പഴക്കം 7 വർഷത്തിൽ അധികരിക്കാത്തതുമായിരിക്കണം.

7 കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ്.

8 ക്വട്ടേഷൻ അംഗീകരിച്ച് ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കേണ്ടതും കരാർ ലഭിക്കുന്ന തുകയുടെ 1 % TDS ഇനത്തിൽ ട്രെഷറിയിൽ ഒടുക്കേണ്ടതുമാണ്.

9 വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നല്കാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

10 അവധി ദിനങ്ങൾ ഉൾപ്പെടെ ഏത് ദിവസവും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

11 സാധാരണ പ്രവൃത്തി സമയം 10 am മുതൽ 5 പിഎം വരെ ആയിരിക്കുന്നതും എന്നാൽ ആവശ്യാനുസരണം 8 am മുതൽ 6 pm വരെ വ്യത്യാസപ്പെടാവുന്നതുമാണ്.

12 കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിലുണ്ടായേക്കാവുന്ന ഇന്ധനവില വർദ്ധനവ് പരിഗണിക്കുന്നതല്ല.

13 ലോഗ് ബുക്ക് ആഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും , യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

14 ആഫീസിൽ നിന്ന് പുറപ്പെട്ടു ആഫീസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.

15 ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃക ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

16 ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്താഫീസിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

OFFICE OF THE ASST. ENGINEER * L.S.G.D. Ongallur Grama Panchayat
Date 22/08/2016

Assistant Engineer
L.S.G.D.
Ongallur Grama Panchayat

അസിസ്റ്റന്റ് എഞ്ചിനീയർ ,

എൽ.എസ്.ജി .ഡി.സെക്ഷൻ

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് .

# ഹ്രസ്വകാല ക്വട്ടേഷൻ നോട്ടീസ്

എൽ.എസ് .ജി .ഡി.സെക്ഷൻ, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് .

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| മേൽവിലാസം | |
| ഫോൺ നമ്പർ<br>: | |
| വാഹനത്തിൻറെ തരം<br>(RC പകർപ്പ്ഹാജരാകണം) | |
| വാഹനത്തിൻറെ മോഡൽ | |
| വാഹനത്തിൻറെ രജിസ്ട്രേഷൻ നമ്പർ | |
| വാഹനത്തിൻറെ രജിസ്ട്രേഷൻ തീയതി | |
| ഒരുമാസം 2000 കി.മീ.വരെ യാത്ര ചെയ്യുന്നതിന്ക്വാട്ട്ചെയ്യുന്ന തുക | |
| 3 മാസത്തിൽ ആകെ 6000 കിലോമീറ്ററിൽ അധികരിച്ച ദൂരത്തിന് ക്വാട്ട് ചെയ്യുന്ന തുക (കിലോ മീറ്ററിന്) | |

സ്ഥലം :

തീയതി :

ഒപ്പ് :

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് :

മേൽവിലാസം :